പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6341 11/07/2012 - ൽ മറുപടിക്ക്

## മത്സ്യസമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഉൾനാടൻ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന മത്സ്യ സമൃദ്ധി പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്നത് ; | (എ) ഉൾനാടൻ മത്സ്യമേഖലയിൽ സമഗ്ര വികസനം സാധ്യമാകത്തക്ക വിധം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും പൊതുജന പങ്കാളിത്തത്തോടും കൂടി നടപ്പിലാക്കുന്ന 'മത്സ്യ സമൃദ്ധി പദ്ധതി' ഉൾനാടൻ മത്സ്യോത്പാദനം 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ഓരോ ജില്ലയിലെയും അതതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ശുദ്ധ ജലാശയങ്ങളുടെ വിവരങ്ങൾ സർവ്വേ നടത്തുന്നതിനും മത്സ്യകർഷകരെ ഏകോപിപ്പിക്കുന്നതിനുമായി അകാകൾച്ചർ കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കുന്നതിനും ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിക്കുന്നതിനും മത്സ്യ കർഷക ക്ലബ്ബുകളുടെ രൂപീകരണത്തിനും മറ്റുമുള്ള പൂർണ്ണ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റുകളും സഹായങ്ങളും എന്തെല്ലാം; വ്യക്തമാക്കുമോ; | (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിക്കുന്ന ലിസ്റ്റിലെ ഗുണഭോക്താക്കൾക്ക് ഇൻപുട്ട് സബ്സിഡിയായി മത്സ്യവിത്തുകൾ വിതരണം നടത്തുകയും ടി കർഷകരുടെ കൃഷിയിടങ്ങൾ ഇൻഷ്വർ ചെയ്യുന്നതിനുമുള്ള ധനസഹായം ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നതിനാണ് നിലവിൽ 'മത്സ്യസമൃദ്ധി പദ്ധതി' ലക്ഷ്യമിടുന്നത്. അതോടൊപ്പം തന്നെ മത്സ്യകർഷക ക്ലബ്ബുകൾ ശക്തിപ്പെടുത്തുകയുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഉൾനാടൻ ജലാശയങ്ങളുടെ സർവ്വെ നടപടികൾ ഏത് ഘട്ടം വരെയായി എന്നത് വിശദമാക്കാമോ ; | (സി) | കേരളത്തിലെ 14 ജില്ലകളിലേയും ഉൾനാടൻ ജലാശയങ്ങളുടെ സർവ്വേ നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. |
| (ഡി) | കോഴിക്കോട് ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലെ ജലാശയങ്ങളിലാണ് ഇപ്പോൾ സർവ്വേ/പഠനം നടത്തിയിട്ടുള്ളത് എന്നത് വ്യക്തമാക്കാമോ ; | (ഡി) | കോഴിക്കോട് ജില്ലയിലെ 13 മണ്ഡലങ്ങളിലേയും ഉൾനാടൻ ജലാശയങ്ങളുടെ സർവ്വേ നടത്തി വരുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ വ്യക്തമാക്കുമോ; | (ഇ) | കോഴിക്കോട് ജില്ലയിൽ 'മത്സ്യസമൃദ്ധി പദ്ധതി'യിലൂടെ 150 ഹെക്ടർ ശുദ്ധ ജലാശയങ്ങളിലെ മത്സ്യകൃഷി, 2 കരിമീൻ റെയറിംഗ് യൂണിറ്റ്, 30 അടുക്കളക്കുളങ്ങൾ, 3 ഹെക്ടർ |

കൂടുകളിലെ മത്സ്യകൃഷി, 2 ഹെക്ടർ കുളത്തിലെ കരിമീൻ കൃഷി, 40 ഹെക്ടർ ഓരുജല മത്സ്യകൃഷി തുടങ്ങിയവ നടപ്പിലാക്കുവാനുദ്ദേശി ക്കുന്നു. പ്രസ്തുത ലക്ഷ്യം കൈവരി ക്കുന്നതോടെ കൊയിലാണ്ടി ഉൾപ്പെ ടെയുള്ള കോഴിക്കോട് ജില്ലയിലെ 13 മണ്ഡലങ്ങളിലും പദ്ധതിയുടെ ഗുണ ങ്ങൾ ലഭിക്കുന്നതായിരിക്കും. കൊയിലാണ്ടി നിയമസഭാ മണ്ഡല ത്തിൽ ഉൾപ്പെട്ട തെരഞ്ഞെടുക്കപ്പെട്ട മത്സ്യകർഷകർക്ക് വേണ്ട സാങ്കേതിക സഹായങ്ങൾ, ഇൻപുട്ട് സബ്സിഡി, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ 'മത്സ്യസമൃദ്ധി പദ്ധതി'യിലൂടെ ലഭ്യമാ കുന്നതാണ്.

| | | | |
|---|---|---|---|
| (എഫ്) | സംസ്ഥാനത്തെ ക്ഷേത്ര കുളങ്ങളിലും മുസ്ലീംപള്ളി കുളങ്ങളിലും ഇത് നടപ്പിലാ ക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ ? | (എഫ്) | ബന്ധപ്പെട്ട അധികൃതരുടെ സമ്മതം ലഭിക്കുകയാണെങ്കിൽ സംസ്ഥാനത്തെ ക്ഷേത്രകുളങ്ങളിലും മുസ്ലീംപള്ളി കുളങ്ങളിലും ഈ പദ്ധതി നടപ്പാ ക്കുന്നതിന് വേണ്ട സാങ്കേതിക സഹായം നൽകുന്നതിനും സൗജന്യ മായി മത്സ്യവിത്തു നിക്ഷേപിക്കുന്ന തിനും കഴിയുന്നതാണ്. |

Raji Rajendran

സെക്ഷൻ ഓഫീസർ